## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2477** | **07-07-2022 - ൽ മറുപടിയ്ക്ക്**

## ഒരു ലക്ഷം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രഖ്യാപനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022-ലെ ബജറ്റിൽ 120 കോടി രൂപ ചെലവിൽ ഒരു ലക്ഷം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം ഏത് നിലയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2022-2023 സംരംഭക വർഷമായി ആചരിക്കുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ/ഏജൻസികളുടെ സംയോജനത്തോടെ ‘2022-23 സാമ്പത്തിക വർഷം 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക’ എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022 മെയ്-ജൂൺ മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംഘടിപ്പിച്ച ഏകദിന ശില്പശാലകളോടെ ഈ പദ്ധതിക്ക് തുടക്കമായി. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണം നടത്താനും തുടർന്ന് താല്പര്യപ്പെട്ടു വരുന്ന ആളുകൾക്ക് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് ക്യാമ്പയിനുകൾ വഴി ലക്ഷ്യമിടുന്നത്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലും, സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാൻ വേണ്ടി ബി.ടെക്/എം.ബി.എ യോഗ്യതയുള്ള ഇന്റേണുകളെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേക്കു നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ഭാഗമായി കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിങ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | സ്വകാര്യ വ്യവസായ പാർക്ക് ഉൾപ്പെടെ വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | G.O.(Ms)No31/2022/ID തീയതി 02/04/2022 സർക്കാർ ഉത്തരവ് പ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീമിന് സർക്കാർ അംഗീകാരം നൽകി.<br><br>കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 പാസ്സാക്കിയിട്ടുണ്ട്. ഇത് കൂടാതെ കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലും നിന്നും 3 വർഷത്തേക്ക് ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് 2019-ൽ നിലവിൽവന്നിട്ടുണ്ട്. |
| (സി) | കേരളത്തിന്റെ തനത് കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യസംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | സൂക്ഷ്മ വിഭാഗത്തിൽ പെടുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രൊ ഫുഡ് പ്രോസസിങ്ങ് എന്റർപ്രൈസ് (PMFME) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി വൺ ഡിസട്രിക്റ്റ് വൺ പ്രോഡക്റ്റ് മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. യോഗ്യതയുള്ള പ്രോജക്റ്റിന്റെ സ്ഥിരമൂലധനത്തിന്മേൽ 35%, പരമാവധിപരിധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് സഹായം ലഭിക്കുന്നത്. ഇതിന് പുറമേ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായി ഫിഷറീസ്, കൃഷി, മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന സംരംഭകത്വ പദ്ധതികൾ കണ്ടെത്തി സംരംഭം തുടങ്ങുന്നവരിൽ എത്തിക്കാൻ ഇന്റേണുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | ഭക്ഷ്യ സംസ്കരണ ഉല്പ്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കാനായി സംസ്ഥാനതലത്തിൽ അഗ്രോ ഫുഡ് പ്രോ എക്സിബിഷൻ നടത്തി വരുന്നു. കൂടാതെ ജില്ലാ തലങ്ങളിൽ നടത്തി വരുന്ന MSME എക്സിബിഷനുകളിൽ ഭക്ഷ്യ സംസ്ക്കരണ മേഖലയ്ക്ക് പ്രത്യേക പരിഗണനയും നൽകിവരുന്നുണ്ട്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് പുനലൂർ മണ്ഡലത്തിൽ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായുള്ള ഒരു ഷെൽട്ടർ ഹോമിനോട് ചേർന്ന് അമ്മമാർക്കായി ഒരു വ്യാവസായിക തൊഴിൽ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ